# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി 11.12.2018-ന് നടത്തിയ പ്രസ്താവന

1932-ൽ ഫ്ളൈയിംഗ് ക്ലബ്ബിന്റെ ഭാഗമായി സ്ഥാപിതമായ കേരളത്തിലെ ആദ്യ വിമാനത്താവളമാണ് ഇപ്പോഴത്തെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. വിമാനത്താവളത്തിൽ നിന്നും സ്വാതന്ത്ര്യാനന്തരം ആഭ്യന്തര വിമാന സർവ്വീസുകളും 1970-കളുടെ അവസാനത്തിൽ അന്താരാഷ്ട്ര വിമാന സർവ്വീസുകളും ആരംഭിക്കുകയുണ്ടായി.

ഏകദേശം 630 ഏക്കർ വിസ്തീർണ്ണവും 3394 മീറ്റർ റൺവേ ദൈർഘ്യവുമുള്ള ഈ വിമാനത്താവളത്തെ 1991-ൽ ഇന്ത്യയിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തുകയുണ്ടായി. 2030-ഓടുകൂടി ആഭ്യന്തര യാത്രക്കാരുടെ നിരക്കിൽ 20 ശതമാനത്തോളവും അന്താരാഷ്ട്ര യാത്രക്കാരുടെ നിരക്കിൽ 15 ശതമാനത്തോളവും വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കേന്ദ്ര സർക്കാരിന്റെ തീരുമാനം**

ഇത്തരത്തിൽ വളർച്ചയുടെ പാതയിലൂടെ നീങ്ങുന്ന തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം രാജ്യത്തെ മറ്റ് ആറ് വിമാനത്താവളങ്ങളോടൊപ്പം മത്സരാധിഷ്ഠിത ലേല പ്രക്രിയയിലൂടെ പൊതു-സ്വകാര്യ പങ്കാളിയെ കണ്ടെത്തി വികസിപ്പിക്കാനാണ് കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്.

നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനം തീർത്തും പ്രതിഷേധാർഹമാണ്.

**സംസ്ഥാന സർക്കാരിന്റെ ഇടപെടൽ**

സംസ്ഥാനത്തിന്റെ താത്പര്യത്തിനെതിരായ ഈ തീരുമാനം വന്നയുടൻ പുനഃപരിശോധിക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി 21.11.2018-നും 08.12.2018-നും കേന്ദ്ര വ്യോമയാന മന്ത്രിക്ക് സംസ്ഥാനം കത്തയച്ചിട്ടുണ്ട്. 09.12.2018-ന് കേന്ദ്ര വ്യോമയാന മന്ത്രിയെ കണ്ട ഘട്ടത്തിൽ സംസ്ഥാനത്തിന്റെ നിലപാട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലും നേതൃത്വം നൽകിയതിന്റെ ഭാഗമായി ഈ മേഖലയിൽ നല്ല പരിചയം സംസ്ഥാനത്തിനുണ്ട്. ഇത്തരം അനുഭവങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തിരുവനന്ത

പുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്ന ആവശ്യവും നാം മുന്നോട്ടു വച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതിൻ പ്രകാരം, നീതി ആയോഗ് സി. ഇ. ഒ. യുടെ അധ്യക്ഷതയിലുള്ള എംപവേർഡ് ഗ്രൂപ്പ് ഓഫ് സെക്രട്ടറീസ് 04.12.2018-ൽ കേരള ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പൂർവ്വകാല ചരിത്രവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും വിവിധ ഘട്ടങ്ങളിൽ ഭൂമി ഏറ്റെടുത്ത് സൗജന്യമായി വിമാനത്താവള വികസനത്തിനായി നൽകിയ കാര്യവും വ്യക്തമാക്കിയിരുന്നു. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും ഗതാഗതവകുപ്പ് സെക്രട്ടറിയും എംപവേർഡ് ഗ്രൂപ്പ് ഓഫ് ഓഫീസേഴ്സിനു മുന്നിൽ വിശദമായ ഒരു അവതരണവും നടത്തിയിരുന്നു.

സംസ്ഥാനത്തുള്ള കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ നേരത്തേ കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. ഈ ഘട്ടത്തിൽ ലേലത്തിൽ മറ്റുള്ളവരെപ്പോലെ സംസ്ഥാന സർക്കാരിനും പങ്കെടുക്കാമെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. വിമാനത്താവളത്തിന്റെ കാര്യത്തിലും ഇത്തരമൊരു സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ച് മുന്നോട്ടു പോകുന്നത് അഭിലഷണീയമല്ല.

2003 ഏപ്രിൽ, ഡിസംബർ മാസങ്ങളിൽ അന്നത്തെ കേന്ദ്ര വ്യോമയാന സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. ആ കത്തിൽ ഏതെങ്കിലും അവസരത്തിൽ തിരുവനന്തപുരം എയർപോർട്ടിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കുമെന്ന കാര്യവും വ്യക്തമാക്കിയിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ അധിക ഭൂമിയുടെ വില കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കാമെന്നും പറഞ്ഞിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ വില SPV-യിൽ ഓഹരി പങ്കാളിത്തമായി നൽകുന്ന കാര്യവും പരിഗണിക്കാമെന്നാണ് അറിയിച്ചിരുന്നത്.

ലേലത്തിൽ പങ്കെടുക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാതെ Right of First Refusal നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടി

ട്ടുമുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊള്ളുമെന്നാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത്.

**സംസ്ഥാന താൽപ്പര്യം സംരക്ഷിക്കാൻ യോജിച്ചുനിൽക്കാനാവണം**

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള തീരുമാനം തിരുത്തുന്നതിന് സംസ്ഥാനത്തിന്റെ കൂട്ടായ ഇടപെടൽ അനിവാര്യമാണ്. സംസ്ഥാനത്തിന്റെ താത്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ തീരുമാനം വന്ന ഘട്ടത്തിൽ തന്നെ ഇടപെടാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ചെയ്യാൻ പറ്റുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്തിരിയണം. സംസ്ഥാന സർക്കാരിന്റെ മുൻകൈയ്യോടെ SPV രൂപീകരിച്ച് നടത്താനുള്ള അനുമതി നൽകാനും കേന്ദ്ര സർക്കാർ തയ്യാറാവണം. ലേലം ചെയ്യാനാണ് ഉദ്ദേശ്യമെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാതെ Right of First Refusal നൽകണമെന്ന കാര്യവും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് കൂട്ടായി ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്,**
**തിരുവനന്തപുരം,**
**2018 ഡിസംബർ 11.**

**വി. കെ. ബാബുപ്രകാശ്,**
**സെക്രട്ടറി.**